# മൃഗസ്നേഹം മൃഗീയമാണ്

ജൂലൈ ലക്കം കത്തുകളിൽ ടോണി എഴുതിയ കത്തിന് പത്രാധിപർ നല്കിയ മറുപടി കണ്ടു. മൃഗങ്ങളെ ഭക്ഷിക്കാതിരിക്കുന്നത് പാപമാണെന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. എന്നാൽ, നിങ്ങൾ 'അറുത്ത് ഭക്ഷിപ്പിൻ' എന്നു ദൈവം മനുഷ്യനോട് പറയുന്നുണ്ട്.

ഇതിനർത്ഥം നമുക്കാവശ്യത്തിനു മാംസാഹാരം കഴിക്കുന്നത് പാപമല്ല എന്നാണ്. കൊല ചെയ്യരുത് എന്നു ബൈബിളിൽ കല്പനയായി പറഞ്ഞിരിക്കുന്നു. എന്നാൽ, അത് മൃഗങ്ങളെ കൊല്ലരുത് എന്നല്ല പറഞ്ഞിരിക്കുന്നത്. കൊല ചെയ്യരുത് എന്നു പറഞ്ഞതിനുശേഷം നിങ്ങൾ അറുത്ത് ഭക്ഷിച്ചോളിൻ എന്നു പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ സംശയത്തിന്റെ തരിമ്പ് പോലുമില്ല. അയൽക്കാരൻ എന്നതുകൊണ്ട് യേശുക്രിസ്തു ഉദ്ദേശിച്ചത് ആപത്തിൽ സഹായിക്കുന്നവൻ എന്നാണ്. അതിനാൽ മൃഗങ്ങൾ നമ്മുടെ അയൽക്കാരനല്ല. പുൽക്കൂട്ടിൽ പിറന്നതിനാൽ കാലികൾ യേശുവിന്റെ അയൽക്കാരനാകുന്നതെങ്ങനെ? യേശുവിന് മൃഗങ്ങളോട് കരുണയും സ്നേഹവും ഉണ്ടായിരുന്നു. നമുക്കും ഉണ്ടായാൽ കുഴപ്പമൊന്നുമില്ല.

സ്വീകരിക്കാനാവാത്ത ഒരു തത്വശാസ്ത്രമായി ഇതിനെ കാണുക അസാധ്യം. മനുഷ്യരെ സ്നേഹിക്കാതെയുള്ള മൃഗസ്നേഹം മൃഗീയമാണ്. സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. ദൈവം മനുഷ്യനാണ് സകല അവകാശങ്ങളും നല്കിയിരിക്കുന്നത്. നിങ്ങൾ ഭൂമിയിലുള്ള സകല ജീവജാലങ്ങളിന്മേലും അടക്കി ഭരിക്കുവിൻ എന്നു ദൈവം മനുഷ്യനോട് പറയുന്നുണ്ട്. മൃഗം എത്ര ഉയർന്നാലും മനുഷ്യനോളമെത്തില്ല. ചിന്താവിചാരമില്ലാത്ത ബുദ്ധിയില്ലാത്ത കേവലം മൃഗങ്ങളോടുള്ള അമിതസ്നേഹം അപകടകരമാണ്, വിഡ്ഢിത്തമാണ്. മൃഗഹത്യ പാപമാണെന്നു പറയാൻ മാത്രം വിഡ്ഢിയാണോ ദൈവം?. ഒരിക്കലുമല്ല. അദ്ദേഹം പറഞ്ഞതെല്ലാം മനുഷ്യനന്മയ്ക്കു വേണ്ടിയാണ്. മനുഷ്യരുടെ ഉയർച്ചയ്ക്കുവേണ്ടിയാണ്. മൃഗങ്ങളെ നമ്മുടെ ഉപയോഗങ്ങൾക്കായി തന്നിരിക്കുന്നവയാണ്. അവയെ ഭക്ഷിക്കുകയും, സവാരിക്കായി ഉപയോഗിക്കുകയും പണികൾ എടുപ്പിക്കാൻ ഉപയോഗിക്കുകയും ചെയ്യാം. അതിൽ തെറ്റില്ല.

ക്രിസ്ത്യൻ വിശ്വാസമനുസരിച്ച് മൃഗങ്ങൾക്ക് മരണാനന്തര ജീവിതമില്ല. ഭൂമിയിലെ ഈ ജീവിതം മാത്രമാണ് അവയ്ക്കുള്ളത്. അതിൽ നാം ദുഃഖിക്കേണ്ട. അമിത മൃഗസ്നേഹം നമ്മെ ദൈവത്തിൽനിന്നും അകറ്റും. മൃഗങ്ങൾ വധിക്കപ്പെടുമ്പോൾ അവയ്ക്കുണ്ടാകുന്ന വികാരങ്ങൾ എന്നെയും ഭയപ്പെടുത്താറുണ്ട്. എന്നാൽ, അഗാധമായി ചിന്തിക്കുമ്പോൾ അതിൽ കഥയില്ല എന്നു മനസിലാക്കാം. അതിനാൽ ടോണിയുടെ ശീലത്തിനു ദൈവ പിന്തുണയുണ്ട്. അത് യാതൊരു ഭംഗികേടുമല്ല. ബൈബിളിന്റെ ചില ഭാഗങ്ങൾ മാത്രമെടുത്ത് സംശയിച്ചിട്ട് കാര്യമില്ല. മുഴുവനായി വായിക്കുമ്പോൾ മാത്രമേ നമുക്ക് അതു മനസിലാകൂ. അതിനു വിശ്വാസം വേണം. അവിശ്വാസികളുടെ കണ്ണ് ദൈവം കുരുടാക്കിയിരിക്കുന്നു എന്നു ദൈവം പറയുന്നു. മാത്രമല്ല, ജ്ഞാനികൾക്ക് വെളിപ്പെടുത്താത്തവ ഞാൻ ശിശുക്കൾക്ക് വെളിപ്പെടുത്തുന്നുവെന്നും ദൈവം പറയുന്നു. ഒരുപക്ഷേ, അതായിരിക്കാം പത്രാധിപർക്ക് സംഭവിച്ചത്.

സുരേഷ് വി.ജെ
വള്ളിക്കാട്ടിൽ ഹൗസ്, തേ
ത്തല്ലി പി.ഒ.
ആലക്കോട്, കണ്ണൂർ.